# മുതുകിനെ സൂക്ഷിക്കുക

jthrees@hotmail.com

“ഇതെന്താ, ചാഞ്ഞുകിടക്കുന്ന മരമാണോ, ഓടിക്കയറാൻ?” മറ്റുള്ളവർക്ക് കയറിമറിയാനുള്ളതല്ല തൻെറ മുതുക് എന്ന അർഥത്തിലാണ് അങ്ങനെ ചോദിക്കാറുള്ളത്.

മുതുക് ഒരു പ്രതീകമാണ്. നമ്മുടെ വ്യക്തിത്വത്തെയും അസ്തിത്വത്തെയും കുറിക്കാൻ ചിലപ്പോൾ മുതുക് ഉപയോഗിക്കാറുണ്ട്. മുതുകിനെ സൂക്ഷിക്കുകയെന്നതുകൊണ്ടർഥമാക്കുന്നത് നാം നമ്മെ സംരക്ഷിക്കുകയെന്നാണ്. മറ്റുള്ളവർക്കവിടെ സ്വാതന്ത്ര്യമില്ല.

അഞ്ച് കാര്യങ്ങളെ ആശ്രയിച്ചാണ് ഈ സംരക്ഷണം സാധിക്കുന്നത്. അതാണ് സമൂഹത്തിൽ നമ്മുടെ നിലയും വിലയും കാത്തുസൂക്ഷിക്കുന്നത്.

1. വ്യക്തിത്വം അമൂല്യസമ്പാണ്. മറ്റുള്ളവർക്കു മുമ്പിൽ അതിനെ കാത്തുസൂക്ഷിക്കുക.
2. നമ്മെ സംബന്ധിച്ച് ആക്ഷേപങ്ങൾ പറയാൻ മറ്റുള്ളവർക്ക് അവസരം ഒരുക്കാതിരിക്കുക.
3. ആക്ഷേപങ്ങൾ ഉയർന്നാൽ അവയെ മാന്യമായും യുക്തിയോടെയും നേരിടുക.
4. മറ്റുള്ളവരെ സംബന്ധിച്ച ആക്ഷേപങ്ങൾക്കും ന്യൂനകൾക്കും പിന്നാലെ പോകാതിരിക്കുക.
5. കേട്ടുകേൾവി ഒരിക്കലും മറ്റൊരാളോട് പറയാതിരിക്കുക. അതിൻെറ ഉത്തരവാദിത്തം നമ്മുടെ മുതുകിലായിരിക്കും പിന്നീട് വീഴുക.

ആക്ഷേപിക്കുന്നതിനെക്കാളും ശിക്ഷിക്കുന്നതിനെക്കാളും വിട്ടുവീഴ്ചക്കാണ് മാന്യത കൂടുതൽ. ധീരനായ പുരുഷൻെറ നയതന്ത്രജ്ഞതയാണ് സൗമനസ്യം. കേൾക്കുന്നത് വിശ്വസിക്കുക, അതെല്ലാം വിളിച്ചുപറയുക. ഇവ കള്ളം പറയുന്നതിന് തുല്യമാണ്.

മറ്റുള്ളവരെ സംബന്ധിച്ച വീക്ഷണവും സംസാരവും നന്നാക്കുക. നല്ല ഫലം കൊയ്തെടുക്കുന്നതിൽ നാവിൻെറ പങ്ക് വലുതാണ്. മറ്റുള്ളവരെ സംബന്ധിച്ച ഒരാക്ഷേപത്തിനു പിന്നാലെ പോയാൽ അവർ നമ്മെ സംബന്ധിച്ച ആക്ഷേപങ്ങൾ ചുഴിഞ്ഞന്വേഷിക്കുകയും പരദൂഷണം പറയുകയും ചെയ്യും. അതിൻെറ പരിണിതഫലം കഴുകിക്കളയാൻ നമുക്ക് ഏറെ പ്രയാസപ്പെടേണ്ടിവരും.

വ്യക്തിത്വത്തെ കാത്തുസൂക്ഷിക്കുകയെന്നത് വലിയ ഒരു ദൗത്യവും കൃത്യവുമാണ്. നാം പ്രതിനിധീകരിക്കുന്ന മൂല്യങ്ങൾക്കും സംസ്കാരത്തിനും നമ്മുടെ കുടുംബ സൽപേരിനുമൊക്കെ സമൂഹത്തിൽ സ്വീകാര്യത ലഭിക്കുന്നത് നാം പ്രദർശിപ്പിക്കുന്ന വ്യക്തിത്വ മാഹാത്മ്യത്തെ ആശ്രയിച്ചാകുന്നു. കേൾക്കുന്ന വിഷയങ്ങളിലൊക്കെ ഇടപെടുന്നതും കാണുന്നവരോടൊക്കെ അക്കാര്യത്തെപ്പറ്റി ചർച്ച ചെയ്യുന്നതും ആരോഗ്യകരമല്ല. അതൊക്കെ നാം മറ്റുള്ളവർക്ക് നമ്മുടെ മുതുകിലേറാനുള്ള അവസരം ഒരുക്കുകയാണ് ചെയ്യുന്നത്. “പുറംകയറി മറിയപ്പെട്ട” വ്യക്തി മർദ്ദിതനാണെന്ന കാര്യം കൂടി നാം ഓർക്കുക. വ്രണിതമായ അവൻെറ വികാരത്തിനും ചിലപ്പോൾ വില നല്കേണ്ടി വരും.

മറ്റുള്ളവർക്കു തൻെറ മുതുകിലേറാനുള്ള അവസരം സ്വയം ഉണ്ടാക്കരുത്. അത് ജീവിതത്തെപ്പോലും നശിപ്പിക്കും. തനിക്കും മറ്റുള്ളവർക്കും ഇടയിലുള്ള ബന്ധത്തെ പരിശോധിച്ചും പോരായ്മകൾ തിരുത്തിയും മുന്നോട്ടു പോവുകയാണ് അനുകരണീയം.